**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **10-02-2025 - ൽ മറുപടിയ്ക്ക്**

**വിളപ്പിൽ ശാലയിൽ 110 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനവും ടെസ്റ്റ്പാർക്കും ഉൾപ്പടെ സ്ഥാപിതമാകുന്ന തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയിൽ 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനവും ടെസ്റ്റ് പാർക്കും ഉൾപ്പടെ സ്ഥാപിതമാകുന്ന തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയിൽ ഒരു പുതിയ 110kV സബ്സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദ്ദേശം പരിശോധിച്ചു വരികയാണ്. വിളപ്പിൽശാലയിലെ മുളയറയിൽ ആണ് 110kV സബ്സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ നടന്നു വരുന്നു. സാങ്കേതിക പഠനത്തിൽ സാധ്യത ഉണ്ടെന്നു കണ്ടെത്തുന്ന പക്ഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷനു വേണ്ടിയുള്ള സ്ഥലമേറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടി സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഏകദേശം 20 കോടിയോളം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>സബ്സ്റ്റേഷൻ നിർമ്മാണത്തിന് വിളപ്പിൽശാലയിലെ മുളയറയിൽ കണ്ടെത്തിയിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്, വസ്തു വിലയുടെ പകുതി തുക MLA ഫണ്ടിൽ നിന്നും ലഭ്യമാക്കണമെന്ന് ബഹു. കാട്ടാക്കട MLA-യോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുള്ളതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചു. |

സെക്ഷൻ ഓഫീസർ